# കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

**Kerala Regional Latin Catholic Secretariat**

P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
| --- | --- | --- | --- |
| **Rt.Rev.Dr. Dennis Kuruppassery** | **Rev.Fr.Anoop Kalathithara OSJ** | **Mr.Paul Jose** | **Mr. Sherin K R** |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.13 Date: 30/07/2026

സ്നേഹബഹുമാനപ്പെട്ട വൈദീകരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

## ജൂബിലി കപ്പ്

കേരള ലത്തീൻ കത്തോലിക്കാ സഭയുടെ പരമോന്നത സമിതിയായ KRLCC (Kerala Region Latin Catholic Council) അതിന്റെ 25-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി രജത ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിച്ചു വരികയാണല്ലോ. ഈ സുപ്രധാന നാഴികക്കല്ലിന്റെ സ്മരണാർത്ഥം, KRLCBC യുവജന കമ്മീഷനും കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയും സംയുക്തമായി ഒരു സംസ്ഥാനതല **7's ബൂട്ടഡ് ഫുട്ബോൾ ടൂർണമെന്റ്** സംഘടിപ്പിക്കുകയാണ്. **ജൂബിലി കപ്പ്** എന്ന് പേരിട്ടിരിക്കുന്ന ഈ ഫുട്ബോൾ മാമാങ്കത്തിന്റെ പ്രധാന ലക്ഷ്യം കേരളത്തിലെ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെയുള്ള പോരാട്ടവും ബോധവൽക്കരണവുമാണ്.

കേരളത്തിലെ ഒരോ ലത്തീൻ രൂപതകളിൽ നിന്നും പരമാവധി രണ്ട് ടീമുകൾക്കാണ് ഈ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്നത്. കായികരംഗത്തിന്റെ കരുത്തിലൂടെ യുവതലമുറയെ ലഹരിയുടെ കറുത്ത വഴികളിൽ നിന്നും മാറ്റിനിർത്തുക എന്നതാണ് ജൂബിലി കപ്പിന്റെയും അതിന്റെ അനുബന്ധ പ്രവർത്തനങ്ങളുടെയും ഉദ്ദേശം.

ജൂബിലി കപ്പ് എന്ന ഈ 7'സ് ബൂട്ടഡ് ഫുട്ബോൾ ടൂർണമെന്റ് ഈ വരുന്ന **2026 ഓഗസ്റ്റ് 29, 30** തീയതികളിലായി, **സെന്റ്. ആൽബെർട്സ് കോളജ്** ഗ്രൗണ്ടിൽ (എറണാകുളം, കലൂർ ജവഹർലാൽ നെഹ്‌റു സ്റ്റേഡിയത്തിനു സമീപം) ആണ് നടത്തപെടുന്നത്. നിങ്ങളുടെ രൂപതയിൽ നിന്നുമുള്ള ടീമുകളെ ഈ ടൂർണമെന്റിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ടൂർണമെന്റിൽ പങ്കെടുക്കുന്നതിനായി അവരെ തയ്യാറാക്കി അയക്കണമെന്ന് രൂപത സമിതികളോട് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ ലിങ്ക് : https://forms.gle/JhwyGLkRsSLwZHXc8

## നിർദ്ദേശങ്ങൾ

- 7's ബൂട്ടഡ് ടൂർണമെന്റ്  ആയിരിക്കും നടത്തപ്പെടുന്നത്. ജേഴ്സി ധരിക്കേണ്ടതാണ്.
- നിങ്ങളുടെ രൂപതയിലെ ഇടവകാംഗങ്ങളായ 18 മുതൽ 30 വയസ്സ് വരെയുള്ള യുവാക്കൾക്ക് മാത്രമായിരിക്കും പങ്കെടുക്കാൻ സാധിക്കുന്നത്.
- സംഘാടകരിൽ നിന്നും നൽകുന്ന ഫോമിൽ ടൂർണമെന്റ്  ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപെങ്കിലും രൂപത കെ.സി.വൈ.എം./യുവജന കമ്മീഷൻ ഡയറക്ടർ ന്റെയും പ്രസിഡന്റിന്റെയും ഒപ്പോടുകൂടി, മത്സരാർത്ഥികളുടെ പേരും, ഫോട്ടോയും, ജനന തീയതിയും എഴുതിയ സാക്ഷ്യപത്രവും, മത്സരാർത്ഥികളുടെ ആധാറിന്റെ കോപ്പിയും, മാമോദീസ സർട്ടിഫിക്കറ്റും നൽകേണ്ടതാണ്. ആധാറിന്റെ ഒറിജിനൽ കയ്യിൽ കരുതേണ്ടതാണ്.
- രൂപതയിൽ നിന്നുമുള്ള സാക്ഷ്യപത്രം, ആധാർ കാർഡ് & മാമോദീസ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാത്ത പക്ഷം കളിക്കുവാൻ അനുവദിക്കുന്നതല്ല.
- ഒരു ടീമിൽ പരമാവധി (സബ്സ്റ്റിറ്റ്യൂട്ട് അടക്കം) 10 (7+3) പേർ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ.
- മത്സരത്തിനിടെ നടത്തുന്ന സബ്സ്റ്റിറ്റ്യൂഷനുകൾ പെർമനെന്റ് സബ്സ്റ്റിട്യൂട്ടിഷൻ (Permanent Substitution) ആയിരിക്കും.
- 15 മിനിറ്റ് വീതമുള്ള രണ്ടു പാദങ്ങളായി 30 മിനിറ്റ് ആയിരിക്കും മത്സരങ്ങൾ നടത്തപ്പെടുക.
- എല്ലാ മത്സരങ്ങളും ലീഗ് കം നോക്കൗട്ട് (League cum Knockout) ആയിരിക്കും. സെമി ഫൈനൽ, ഫൈനൽ മത്സരങ്ങൾക്ക് റഫറി നിശ്ചയിക്കുന്ന അധികസമയം അനുവദിക്കുന്നതായിരിക്കും.
- മത്സരങ്ങളിൽ ഓഫ്സൈഡ് നിയമം ബാധകമായിരിക്കും.
- എല്ലാ ടീമുകൾക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കേണ്ടതാണ്. മാനേജർ മാത്രമായിരിക്കണം സംഘാടകരുമായി ബന്ധപ്പെടേണ്ടത്.
- മത്സര സംബന്ധമായ എല്ലാ പരാതികളും ടീം മാനേജർ മുഖാന്തരം ആയിരിക്കും സമർപ്പിക്കേണ്ടത്.
- ഒരു രൂപതയിൽ നിന്നും വരുന്ന രണ്ടു ടീമുകൾക്കും രണ്ട് ടീം മാനേജർ ഉണ്ടായിരിക്കേണ്ടതാണ്.
- ഒരു രൂപതയിൽ നിന്നും വരുന്ന ഒരു മത്സരാർത്ഥിക്കു ഒന്നിലധികം ടീമുകളിൽ മത്സരിക്കുവാൻ സാധിക്കില്ല.
- സംസ്ഥാന സെക്രട്ടറിയേറ്റ്/എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരിക്കുവാനോ, ടീം മാനേജർ ആകുവാനോ പാടില്ല.
- അപ്പീൽ നൽകുന്നതിന് 500 രൂപ കെട്ടിവയ്ക്കേണ്ടതാണ്. അപ്പീൽ ശരിയാകുന്ന പക്ഷം പണം തിരികെ നൽകുന്നതാണ്.
- ടീം മാനേജർക്കു മാത്രമായിരിക്കും അപ്പീൽ നൽകാൻ അവകാശമുണ്ടായിരിക്കുകയുള്ളൂ.
- മത്സര കാര്യങ്ങളിൽ റഫറിയുടെയും, സംഘാടനപരമായകാര്യങ്ങളിൽ കമ്മിറ്റിയുടെയും തീരുമാനങ്ങൾ അന്തിമമായിരിക്കും.
- മത്സരത്തിനിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ നാശനഷ്ടങ്ങൾ വരുത്തുകയോ ചെയ്യുന്ന വ്യക്തികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും, നഷ്ടപരിഹാരം ഈടാക്കുകയും ചെയ്യും.

- മത്സരം നടക്കുന്ന സമയത്ത് ഒരു ടീമിലെ 10 കളിക്കാരും ടീം മാനേജറും ഉൾപ്പെടെ ആകെ 11 പേർക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ.
- ഒരു രൂപതയിൽ നിന്നും പരമാവധി രണ്ട് ടീമിന് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
- സംഘാടകസമിതി നൽകുന്ന സമയത്ത് തന്നെ ടീമുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം ടീം അയോഗ്യരാക്കപ്പെടുകയും എതിർ ടീമിന് വാക് ഓവർ (Walk Over) നൽകുകയും ചെയ്യുന്നതാണ്.
- വൈകി വരുന്നത് കൊണ്ട് മത്സരിക്കുവാൻ സാധിക്കാതെ വരുന്ന അവസ്ഥയുണ്ടായാൽ സംഘാടക സമിതിക്ക് അതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
- ഈ മത്സരം ലഹരിക്കെതിരെയുള്ള പോരാട്ടമായതിനാൽ, യാതൊരു വിധത്തിലുള്ള ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കാൻ പാടില്ല. ഉപയോഗം ശ്രദ്ധയിൽ പെട്ടാൽ ടീമിനെയോ ടീം അംഗത്തെയോ പുറത്താക്കാൻ *സംഘാടക* സമിതിക്കു അധികാരമുണ്ടായിരിക്കും.
- രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 2500 രൂപയായിരിക്കും.
- രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തീയതി : 09-08-2026 വൈകീട്ട് 6 മണി.

*NB: മത്സരത്തിന്റെ സുഗമമായ നടത്തിപ്പിനും, മികച്ച സംഘാടനത്തിനുമായി ആവശ്യമായ സാഹചര്യങ്ങളിൽ നിയമങ്ങളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനുള്ള പൂർണ്ണ അധികാരം സംഘാടക സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്*

**വിജയികൾക്കുള്ള സമ്മാനങ്ങൾ**

ഒന്നാം സ്ഥാനം : Rs. 25001 & ട്രോഫി

രണ്ടാം സ്ഥാനം : Rs.17001 & ട്രോഫി

മൂന്നാം സ്ഥാനം : Rs. 10001 & ട്രോഫി

# നന്ദിയോടെ...

2026 ജൂലൈ 18 ശനിയാഴ്ച്ച പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് നടത്തിയ BLAZE - ഡയറക്ടർ & ആനിമേറ്റർ മീറ്റിംഗിനും, IGNITE - കെ.സി.വൈ.എം. രൂപത നേതൃസംഗമത്തിനും എത്തിച്ചേർന്ന എല്ലാ രൂപതാ ഭാരവാവഹികൾക്കും ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും കെ.സി.വൈ. എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

# അഭിനന്ദങ്ങൾ...

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയും കെ ആർ എൽ സി ബി സി മദ്യവിരുദ്ധ കമ്മീഷനും ചേർന്ന് ലഹരിക്കെതിരെ യുവജന പ്രതിരോധം എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച റീൽസ് കോമ്പറ്റിഷൻ വിജയികൾക്ക് അഭിനന്ദനങ്ങൾ... കോമ്പറ്റിഷനിൽ പങ്കെടുത്ത ടീമുകൾക്ക് ആശംസകൾ...

**വിജയികൾ**

1st : ആരോമൽ ജെ (നെയ്യാറ്റിൻകര രൂപത)

**മികച്ച വീഡിയോസ്**

- ടിജോ ആന്റണി (വരാപ്പുഴ അതിരൂപത)
- സെന്റ്. മദർ തെരേസ (വൈ-മാപ്പ് ടീം)

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി